## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5867** 08.07.2013- ലെ മറുപടിയ്ക്ക്

### പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ അനുമതി

**ചോദ്യം**

ശ്രീ. വർക്കല കഹാർ:
,, സണ്ണി ജോസഫ്:
,, സി.പി.മുഹമ്മദ്:
,, കെ. മുരളീധരൻ:

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്**
(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) വൻതുക അടങ്കൽ ചെലവുള്ള പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതി നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(എ) താഴെ പറയുന്ന 10 വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ ഒരു ശീർഷകത്തിൻകീഴിലാക്കി 846.03കോടിരൂപ 2013-14 വർഷത്തെ ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

1) ഹൈസ്പീഡ് റയിൽ കോറിഡോർ
2) കൊച്ചി - പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ.
3) പെട്രോളിയവും കെമിക്കൽസും പെട്രോ കെമിക്കൽസ് ഇൻവസ്റ്റ്മെന്റ് മേഖലയും.
4) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ തുറുമുഖം.
5) കൊച്ചി മെട്രോ.
6) തിരുവനന്തപുരത്തും കോഴിക്കോടും മോണോ റയിൽ പദ്ധതി.
7) കണ്ണൂർ എയർപോർട്ട്.
8) മൊബിലിറ്റി ഹബ്.
9) 35-ാം ദേശീയ ഗെയിംസ്.
10) തലസ്ഥാന നഗര വികസന പദ്ധതി.

ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണകാര്യ വകുപ്പ് സെക്രട്ടറിയുടെ ചുമതലയിലാണ്. ഈ പദ്ധതികൾക്ക് ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതി വേണമെന്ന് നിഷ്ക്കർഷിച്ചിട്ടില്ല. എന്നാൽ മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, ആസൂത്രണകാര്യ

| | |
|---|---|
| | വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഒരു ഉന്നതതല സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും ഭരണാനുമതിയും ഫണ്ടും നൽകുക. |
| (ബി എത്ര തുകയ്ക്ക് മുകളിലുള്ള പദ്ധതികൾക്കാണ് പ്രസ്തുത അനുമതി നിർബന്ധമാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) മേൽ സൂചിപ്പിച്ച 10 പ്രോജക്ടുകൾക്കും ബാധകമാണ്. തുക പരിമിതപ്പെടുത്തിയിട്ടില്ല. |
| (സി) ആസൂത്രണ ബോർഡ് ഇത്തരം പദ്ധതി കാര്യങ്ങളിൽ എന്തൊക്കെയാണ് പരിശോധിക്കാനുദ്ദേശിക്കുന്നത് ; | (സി) പദ്ധതികളുടെ സാങ്കേതികവും ധനപരവുമായുള്ള കാര്യങ്ങളാണ് പരിശോധിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) ആസൂത്രണ ബോർഡിലെ സാങ്കേതിക വിഭാഗം ജീവനക്കാരും കൂടാതെ പ്രോജക്ട് ഫിനാൻസിംഗ് സെല്ലും പദ്ധതികളുടെ വിവിധ തലങ്ങൾ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**